LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ആ ചോദ്യം കഴിഞ്ഞു, അടുത്ത ചോദ്യവും വിളിച്ചു. മറുപടി പറയാൻ ബഹുമാനപ്പെട്ട മിനിസ്റ്റർ എഴുന്നേൽക്കുകയും ചെയ്തു.....(ബഹളം).....

ശ്രീ. വി. എസ്. അച്യുതാനന്ദൻ : സർ, മന്ത്രിമാരെ രക്ഷിക്കാൻ വേണ്ടി ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ അങ്ങയുടെ സ്ഥാനം ദുരുപയോഗം ചെയ്യരുത്. മറുപടി പറയാൻ പറയൂ.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അങ്ങനെ പറയരുത്. അത് ശരിയല്ല. ആ ചോദ്യം ഫ്ലോറിലുണ്ടായിരുന്ന സമയത്ത് അങ്ങ് ചോദിച്ചില്ല. ആ ചോദ്യം കഴിഞ്ഞ് അടുത്ത ചോദ്യത്തിലേയ്ക്ക് ബഹുമാനപ്പെട്ട മന്ത്രിയെ വിളിക്കുകയും ചെയ്തു. ഇനി ആ ചോദ്യം അനുവദിക്കാൻ കഴിയില്ല.... സോറി..... ബഹുമാനപ്പെട്ട മിനിസ്റ്റർ,

.....(ബഹളം).....

പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുട്ടികളുടെ പഠന നിലവാരം

3 (*33) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികം-ഹജ്ജ് വകുപ്പുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനും വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത വിഭാഗങ്ങളിലെ കുട്ടികൾക്ക് സ്കൂൾ വിദ്യാഭ്യാസംപോലും അന്യമാകുന്നതിനുള്ള കാരണങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ, എങ്കിൽ കണ്ടെത്തലുകൾ വെളിപ്പെടുത്തുമോ ;

(സി) ഹൈസ്കൂൾതലം വരെയുള്ള പഠനത്തിന് അർഹമായ പ്രായപരിധിയിലുള്ള കുട്ടികൾ സ്കൂൾ പഠനം ഉപേക്ഷിച്ചിട്ടുണ്ടെന്നതിന്റെ ഈ വർഷത്തെ കണക്ക് ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി) : സർ,

(എ) പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനും വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിനുമായി ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റ് വിഹിതത്തിന്റെ അൻപതുശതമാനത്തോളം തുക നീക്കി വയ്ക്കുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം ടി ആവശ്യത്തിലേയ്ക്ക് പ്ലാൻ ശീർഷകത്തിൽ 128.50 കോടി രൂപയും, നോൺപ്ലാൻ ശീർഷകത്തിൽ 50.9276 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. വരുമാനപരിധി പരിഗണിക്കാതെതന്നെ ലംപ്സം ഗ്രാന്റും, മാസംതോറും സ്റ്റൈപ്പന്റും അനുവദിച്ചുവരുന്നു. വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി 15 മോഡൽ റസിഡൻഷ്യൽ/ആശ്രമം സ്കൂളുകൾ, 2 ഏകലവ്യ സ്കൂളുകൾ, ഒരു പ്രത്യേക സി.ബി.എസ്.ഇ. മാതൃകാ സ്കൂൾ എന്നിവ പ്രവർത്തിച്ചുവരുന്നു. കൂടാതെ ദുർഘടവും, ഒറ്റപ്പെട്ടതും, വന്യമൃഗ ഭീഷണിയുള്ളതുമായ സങ്കേതങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ അവകാശ നിയമം പരിപാലിക്കുന്നതിന്റെ ഭാഗമായി അവർക്ക് സ്കൂളിലേക്കും തിരിച്ച് വീട്ടിലേക്കും യാത്രാസൗകര്യം ഒരുക്കുന്ന ഗോത്രസാരഥി പദ്ധതിയും, 107 പ്രീമെട്രിക് ഹോസ്റ്റലുകൾ, 3 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ, 13 നഴ്സറി സ്കൂളുകൾ, 16 പെരിപ്പതറ്റിക് സ്കൂളുകൾ, 29 ഏകാധ്യാപക സ്കൂളുകൾ, 3 ബാലവിജ്ഞാന കേന്ദ്രങ്ങൾ, 25 കിന്റർ ഗാർട്ടനുകൾ എന്നിവയും പ്രവർത്തിച്ചുവരുന്നുണ്ട്. ഹോസ്റ്റൽ, മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ, അന്തർമുഖ സ്വഭാവം എന്നിവ പരിഹരിക്കുന്നതിനായി സ്റ്റുഡന്റ്സ് കൗൺസിലേഴ്സ് പ്രവർത്തിച്ചുവരുന്നു. കൂടാതെ വിദ്യാർത്ഥികൾക്ക് യൂണിഫോം, പഠന സാമഗ്രികൾ എന്നിവയും നൽകിവരുന്നു. 1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് ഇൻസെന്റീവ് ഗ്രാന്റ് നൽകുന്നു. കൂടാതെ സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന അവാർഡ്, കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ വർദ്ധിപ്പിക്കുന്നതിന് 'സർഗ്ഗോത്സവം', സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് പഠനയാത്രയ്ക്കുള്ള സഹായം, തെരഞ്ഞെടുക്ക

LIBRARY ARCHIVES Kerala Legislative Assembly

പ്പെടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 'ഭാരത ദർശനം' ഇവയും നടപ്പിലാക്കി വരുന്നു. അനാഥരായ കുട്ടികളുടെ വിദ്യാഭ്യാസം മുൻനിർത്തി കൈത്താങ്ങ് പദ്ധതിയും നടപ്പാക്കുന്നുണ്ട്. വിവിധ തൊഴിൽ പരിശീലനങ്ങളും, തൊഴിൽ ഉപകരണ കിറ്റുകളും നൽകിവരുന്നുണ്ട്. കൂടാതെ സെക്കന്ററി, ഹയർ സെക്കന്ററി തലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിജയശതമാനം ഉയർത്തുന്നതിനായി സ്പെഷ്യൽ ട്യൂഷൻ പദ്ധതി നടപ്പാക്കിവരുന്നു. പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം ചെയ്തുവരുന്നു.

(ബി) ഉണ്ട്. 2008-ൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ നടത്തിയ സർവ്വേയിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ ആകെ കുട്ടികളിൽ കൊഴിഞ്ഞു പോക്കിന്റെ ശരാശരി 36.73 ശതമാനം ആണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇത് ശ്രദ്ധയിൽപ്പെട്ടപ്പോൾ അവ പരിഹരിക്കുന്നതിനായി ഗോത്രസാരഥി പദ്ധതി നടപ്പിലാക്കി വരുന്നു.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹളംവച്ച് ചോദ്യോത്തരവേള തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു).

(സി) 2014-15 അദ്ധ്യയന വർഷാരംഭത്തിൽ ലഭിച്ച കണക്കുകളുടെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ 90 ശതമാനം വിദ്യാർത്ഥികളും സ്കൂളുകളിൽ ഹാജരായിട്ടുണ്ട്. കൊഴിഞ്ഞുപോയതായി ശ്രദ്ധയിൽപ്പെട്ട നാല്പതോളം കുട്ടികളെ ടൈബൽ ആഫീസർമാരുടെ സഹായത്തോടെ വീണ്ടും സ്കൂളിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.....(ബഹളം).....

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ഒരു ചോദ്യം സഭയിൽ വന്നു, അതുമായി ബന്ധപ്പെട്ട് ഒട്ടേറെ ചോദ്യങ്ങൾ ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിക്കുകയും ചെയ്തു (ബഹളം).....കെ.എസ്. ആർ.ടി.സി.-യുമായി ബന്ധപ്പെട്ട ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി മറുപടിയും പറഞ്ഞു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എഴുന്നേറ്റപ്പോൾ പ്രതിപക്ഷ നേതാവായതുകൊണ്ടാണ് ഞാൻ സമ്മതിച്ചത്. പക്ഷെ ആ ചോദ്യം കഴിഞ്ഞ് അടുത്ത ചോദ്യത്തിലേക്ക് കടന്നതിനുശേഷമാണ്

LIBRARY ARCHIVES Kerala Legislative Assembly

ചോദ്യം ചോദിച്ചത്. ശ്രീ.കോടിയേരി ബാലകൃഷ്ണനും ശ്രീ. എ. കെ. ബാലനും സീനിയർ മെമ്പർമാരാണ്. നിയമസഭാ നടപടിക്രമങ്ങളും ചട്ടങ്ങളും നല്ലതുപോലെ അറിയാവുന്നവരാണ് നിങ്ങൾ. ഒരു ചോദ്യം കഴിഞ്ഞു, അടുത്ത ചോദ്യത്തിലേക്ക് കടന്ന് മന്ത്രി മറുപടി പറയാൻ എഴുന്നേറ്റതിനുശേഷം. ആദ്യം ചോദിച്ച ചോദ്യത്തിന് മറുപടി പറയണമെന്ന് പറയുന്നത് ശരിയല്ല. ചെയറിന് അങ്ങനെ പറയാൻ പറ്റില്ല. നിങ്ങളെല്ലാം സീനിയർ അംഗങ്ങളാണ്. നടപടിക്രമങ്ങൾ ശരിക്കും അറിയാവുന്നവരാണ്. അതുകൊണ്ട് ഇത് അനുവദിക്കാൻ സാധിക്കുകയില്ല. ബഹുമാനപ്പെട്ട കെ. മുഹമ്മദുണ്ണി ഹാജി.....

<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : സർ, പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് പട്ടികജാതി വികസന വകുപ്പ് നൽകുന്നത് ?

<u>കുമാരി പി. കെ. ജയലക്ഷ്മി</u> : സർ, മെഡിക്കൽ/പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവിനായി 5,000 രൂപ നൽകുന്നുണ്ട്. കോഴ്സ് ഫീ, പ്രതിമാസ സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ് എന്നിവയും സ്ഥാപനത്തിന്റെ ഹോസ്റ്റലിലാണ് താമസിച്ച് പഠിക്കുന്നതെങ്കിൽ അതിനുള്ള പ്രത്യേക സ്റ്റൈപ്പന്റും മെഡിക്കൽ/എൻജിനീയറിംഗ് കോഴ്സുകൾക്ക് കംപ്യൂട്ടർ സയൻസ് ഐച്ഛിക വിഷയമായി പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പും വിതരണം ചെയ്യുന്നു.

<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : സർ, പഠനത്തിൽ ഉന്നതനിലവാരം പുലർത്തുന്ന പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് എന്തെങ്കിലും തരത്തിലുള്ള സ്കോളർഷിപ്പ് നൽകുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ടോ ?

<u>കുമാരി പി. കെ. ജയലക്ഷ്മി</u> : സർ, എസ്.എസ്.എൽ.സി., പ്ലസ് ടു, ഡിഗ്രി,പി.ജി. പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥി കളിൽ 60 ശതമാനത്തിലധികം മാർക്ക് ലഭിക്കുന്നവർക്ക് യഥാക്രമം 3,000, 4,000, 4,500, 6,000 രൂപ നിരക്കിൽ പ്രോത്സാഹന അവാർഡ് നൽകി വരുന്നു. .....(ബഹളം

(ചോദ്യോത്തരസമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly